**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 361** **08-08-2023 - ൽ മറുപടിയ്ക്ക്**

**പ്രധാനമന്ത്രി ഗ്രാമ സഡക് യോജന, സൻസദ് ആദർശ് ഗ്രാമ യോജന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ പെരുങ്കടവിള, പാറശ്ശാല ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന, സൻസദ് ആദർശ് ഗ്രാമ യോജന എന്നീ സ്കീമുകളുടെ ഭാഗമായി 2021 മുതൽ നാളിതുവരെ അനുവദിച്ച പദ്ധതികളുടെ വിശദ വിവരങ്ങൾ, പ്രസ്തുത പദ്ധതികളുടെ പുരോഗതി എന്നിവ അറിയിക്കാമോ; | (എ) | പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (PMGSY) പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ പെരുങ്കടവിള ബ്ലോക്കിലെ ചാക്കപ്പാറ പുരവിമല റോഡ് ഡി.പി.ആർ തയ്യാറാക്കി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. എസ്.എൻ.പുരം പ്ലാമ്പഴിഞ്ഞി അട്ടൂർ മഞ്ചക്കോട് ഇമ്മാനുവൽ കോളേജ് റോഡിന്റെ ടെണ്ടർ നടപടി ആരംഭിച്ചു. തൊട്ടിപ്പാലം പി.എച്ച്.സി മണക്കാല വട്ടപ്പറമ്പ ചെമ്പൂര് റോഡിന്റെ രണ്ടാം ലെയർ മെറ്റലിംഗ് പൂർത്തീകരിച്ചു. കുറ്റിപ്പമൂട്-ഡാലുംമുഖം അലിക്കോട് ചാമവിള റോഡിന്റെ പണി പൂർത്തീകരിച്ചു. രണ്ടാം വർഷ മെയിന്റനൻസ് പുരോഗമിക്കുന്നു.<br><br>പാറശ്ശാല ബ്ലോക്കിലെ ചെങ്കൽ പിരായുംമൂട് ആവണക്കിൻവിള മൺവിളകടവ് റോഡ് 2022-ൽ എഗ്രിമെന്റ് വച്ച് രണ്ടാം ലെയർ മെറ്റലിംഗ് പൂർത്തീകരിച്ചു. വാട്ടർ അതോറിറ്റി പൈപ്പ് ഇടാൻ വേണ്ടി റോഡ് വെട്ടിപ്പൊളിച്ചത് കാരണം വർക്ക് ഇപ്പോൾ നിർത്തി വച്ചിരിക്കുകയാണ്. പദ്ധതി നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്.<br><br>പാറശ്ശാല, പെരുങ്കടവിള എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ സൻസദ് ആദർശ് ഗ്രാമ യോജന (SAGY) പ്രകാരമുള്ള പദ്ധതികളൊന്നും 2021 മുതൽ നടപ്പിലാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിക്കു വേണ്ടി പെരുങ്കടവിള, പാറശ്ശാല ബ്ലോക്ക് മേഖലയിൽ നിന്നും പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (PMGSY) പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ പെരുങ്കടവിള ബ്ലോക്കിലെ ചാക്കപ്പാറ പുരവിമല റോഡ് ഡി.പി.ആർ തയ്യാറാക്കി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. എസ്.എൻ.പുരം പ്ലാമ്പഴിഞ്ഞി അട്ടൂർ മഞ്ചക്കോട് ഇമ്മാനുവൽ കോളേജ് റോഡിന്റെ ടെണ്ടർ നടപടി ആരംഭിച്ചു. തൊട്ടിപ്പാലം പി.എച്ച്.സി മണക്കാല വട്ടപ്പറമ്പ ചെമ്പൂര് റോഡിന്റെ രണ്ടാം |

| | | | |
|---|---|---|---|
| | | | ലെയർ മെറ്റലിംഗ് പൂർത്തീകരിച്ചു. കുറ്റിപ്പൂമൂട്-ഡാലുംമുഖം അലിക്കോട് ചാമവിള റോഡിന്റെ പണി പൂർത്തീകരിച്ചു. രണ്ടാം വർഷ മെയിന്റനൻസ് പുരോഗമിക്കുന്നു.<br><br>പാറശ്ശാല ബ്ലോക്കിലെ ചെങ്കൽ പിരായുംമൂട് ആവണക്കിൻവിള മൺവിളകടവ് റോഡ് 2022-ൽ എഗ്രിമെന്റ് വച്ച് രണ്ടാം ലെയർ മെറ്റലിംഗ് പൂർത്തീകരിച്ചു. വാട്ടർ അതോറിറ്റി പൈപ്പ് ഇടാൻ വേണ്ടി റോഡ് വെട്ടിപ്പൊളിച്ചത് കാരണം വർക്ക് ഇപ്പോൾ നിർത്തി വച്ചിരിക്കുകയാണ്. പദ്ധതി നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്.<br><br>പാറശ്ശാല, പെരുങ്കടവിള എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ സൻസദ് ആദർശ് ഗ്രാമ യോജന (SAGY) പ്രകാരമുള്ള പദ്ധതികളൊന്നും 2021 മുതൽ നടപ്പിലാക്കിയിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിക്കു വേണ്ടി റോഡുകൾ തെരഞ്ഞെടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | PMGSY-യിലാണ് റോഡുകളുടെ പ്രവർത്തികൾ വരുന്നത്. ഇപ്പോൾ പ്രാബല്യത്തിലുള്ള PMGSY-III യിൽ ഗ്രാമീണ വിപണികൾ, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകി നിലവിലുള്ള ത്രൂ റൂട്ടുകളും പ്രധാന ഗ്രാമീണ ലിങ്ക് റോഡുകളും നവീകരിക്കുന്നതിനാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇവ നവീകരിക്കുമ്പോൾ അഞ്ച് കിലോമീറ്ററിൽ അധികം നീളം ആവശ്യമാണ്. എങ്കിലും കേരളത്തിന് അത് 3 കി.മീ ആയി നിജപ്പെടുത്തിയിട്ടുണ്ട്. നവീകരണ പദ്ധതിയുടെ ഭാഗമായി ഗ്രാമീണ കാർഷിക വിപണികൾ, സർക്കാർ ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുന്ന നിലവിലുള്ള റോഡുകളുടെ ബലപ്പെടുത്തലുകളും വീതി കൂട്ടലും ഉൾപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ